(ഇ) എങ്കിൽ ഇത്തരം കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിൽ ഉണ്ട്.

(ബി) 1999-2000 വാർഷിക പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമായി പ്രത്യേക ധനസഹായം നൽകുന്നതിന് ആലോചിക്കുന്നുണ്ട്.

(സി) മൂന്നാം വാർഷിക പദ്ധതിയുടെ ഒന്നാം ഗഡു 1999 ജൂൺ 21 മുതൽ വിതരണം ചെയ്തു തുടങ്ങിയിരുന്നു.

(ഡി) കാലതാമസം ഒഴിവാക്കുന്നുണ്ട്.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി വിഹിതം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നുണ്ട്.

99 (2255) ജനകീയാസൂത്രണത്തിലെ ജനപങ്കാളിത്തം

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തികളിലുണ്ടായ ജനകീയപങ്കാളിത്തം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ 1998-99 പദ്ധതി വർഷത്തിൽ എത്ര കോടി രൂപയുടെ ജനപങ്കാളിത്തം ലഭ്യമായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നറിയിക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണത്തിൽ ജനകീയ പങ്കാളിത്തത്തെക്കുറിച്ച് ചില പഠനങ്ങൾ ഗവേഷണ സ്ഥാപനങ്ങളിലെ ഗവേഷകർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) 1998-99 വാർഷിക പദ്ധതിയിൽ ഉണ്ടായിട്ടുള്ള ജനപങ്കാളിത്തം എത്രയെന്ന് നിജപ്പെടുത്തിയിട്ടില്ല.

100 (2256) പഞ്ചായത്ത് രാജ് ഭരണഘടനാ ഭേദഗതി

ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് ഭരണഘടനാ ഭേദഗതിക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി സംസ്ഥാന സർക്കാരിന് അറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പഞ്ചായത്ത് രാജ് നിയമം സംബന്ധിച്ച് ഭരണഘടനാ ഭേദഗതികൾ സംസ്ഥാന സർക്കാരിന്റെ എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് എന്ന് അറിയിക്കുമോ;

(ഡി) ഈ നിർദ്ദേശങ്ങളിന്മേൽ കേന്ദ്രത്തിന്റെ നിലപാട് എന്തെന്ന് അറിയിച്ചിട്ടുണ്ടോ;

(ഇ) ജില്ലാ ആസൂത്രണ സമിതികളിൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രാതിനിധ്യം സംബന്ധിച്ച് സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്രത്തിന് സമർപ്പിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) പാർലമെന്റിൽ അവതരിപ്പിച്ചു കഴിഞ്ഞ ഭരണഘടനാ 87-ാം ഭേദഗതി ബില്ല് മുഖേന ആർട്ടിക്കിൾ 243 സി ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നതായും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം അറിയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി സുന്ദർ ലാൽ പട്വയിൽ നിന്ന് ഒരു കത്ത് മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ കത്ത് ലഭിക്കുന്നതിന് മുമ്പുതന്നെ ഇത്തരം ഒരു ഭേദഗതിക്ക് കേരള സർക്കാരിന്റെ പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് ആന്ധ്രാപ്രദേശ് പഞ്ചായത്ത് രാജ് വകുപ്പുമന്ത്രി ശ്രീ. എ. മാധവറെഡ്ഡിയുടെ കത്ത് ലഭിക്കുകയുണ്ടായി.

ത്രിതല പഞ്ചായത്തുകൾ തമ്മിൽ ബന്ധപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനേയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനേയും തെരഞ്ഞെടുക്കാനുള്ള മാർഗ്ഗം നിർദ്ദേശിക്കാനുള്ള അവകാശം സംസ്ഥാന നിയമസഭകൾക്ക് നൽകണമെന്നും അതുവഴി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ ബ്ലോക്ക് പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ജില്ലാ പഞ്ചായത്തിലും അംഗങ്ങളാവുക എന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയണമെന്നും ആണ് ഈ ഭരണഘടനാ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. ആന്ധ്രാ മന്ത്രിയുടെ കത്ത് പരിഗണിച്ച് ഇക്കാര്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മന്ത്രിസഭ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികഭരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഭരണഘടനാ ഭേദഗതിയിൻമേൽ അന്തിമ തീരുമാനമെടുക്കുന്നതിന് മുമ്പായി സംസ്ഥാന സർക്കാരുമായി ആലോചിക്കേണ്ടതാണെന്നും ഭരണഘടനാ ഭേദഗതികൾ വരുത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതാണെന്നും മുഖ്യമന്ത്രി പ്രധാന മന്ത്രിയോട് കത്തു മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

(എ) സംസ്ഥാന സർക്കാരുകൾക്ക്, അവർ തീരുമാനിക്കുന്ന പക്ഷം. ജില്ലാ പഞ്ചായത്തിന് പകരം നഗര, ഗ്രാമ വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു ജില്ലാ കൗൺസിൽ രൂപീകരിക്കുന്നതിന് അധികാരം നൽകുക.

(ബി) ഗ്രാമ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ ആസൂത്രണ സമിതിയിൽ പ്രാതിനിധ്യം നൽകുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതിർത്തി നിർണ്ണയം എപ്പോഴൊക്കെ ആകാം എന്നതിൽ തീരുമാനം എടുക്കുന്നതിന് അധികാരം നൽകുക.

(ഡി) ഇല്ല.

(ഇ) ജില്ലാ ആസൂത്രണ സമിതികളിൽ ഗ്രാമ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും പ്രാതിനിധ്യം നൽകുന്നതിനുവേണ്ട വ്യവസ്ഥകൾ ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

101 (2257) ഭവന നിർമ്മാണ വായ്പയിലെ ക്രമക്കേട്

<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കൊടുമൺ പഞ്ചായത്തിലെ എരുത്വാകുന്നിൽ ജയ ഭവനത്തിൽ ശ്രീ. റ്റി.സി. രാഘവന്റെ കുടുംബത്തിന് മൈത്രീഭവന പദ്ധതി പ്രകാരം 1999-2000 വർഷത്തിൽ വീടുവയ്ക്കാൻ തുക അനുവദിക്കുന്നതിന് ഗ്രാമ പഞ്ചായത്തോ ഗ്രാമസഭയോ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ശ്രീ. രാഘവന്റെ ഭാര്യ കമലമ്മയ്ക്ക് 1990-ൽ പറക്കോട് ബ്ലോക്കിൽനിന്നും ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി വീട് വയ്ക്കാൻ സഹായം നൽകിയിട്ടുണ്ടോ;

(സി) ഇതേക്കുറിച്ച് ഗ്രാമസഭയിലോ മറ്റേതെങ്കിലും അധികാര സ്ഥാനങ്ങളിലോ ആരെങ്കിലും പരാതിപ്പെട്ടിരുന്നോ; എങ്കിൽ വിശദമാക്കുമോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു.

(ഡി) ഒരേ ആനുകൂല്യം സർക്കാരിന്റെ വിവിധ പദ്ധതികളിൽനിന്ന് ഒന്നിലധികം തവണ കൈപ്പറ്റുന്നത് കുറ്റകരമാണോ;

(ഇ) ഇക്കാര്യത്തിൽ കൊടുമൺ ഗ്രാമ പഞ്ചായത്ത് ആവശ്യമായ അന്വേഷണം നടത്തിയാണോ ഗുണഭോക്താവിനെ തെരഞ്ഞെടുത്തത് എന്ന് അറിയിക്കുമോ;

(എഫ്) ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോ;

(ജി) ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണത്തിന് ഉത്തരവ് നൽകുമോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ)മുതൽ(ജി)വരെ വിവരം ശേഖരിച്ചുവരുന്നു.

102 (2258) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly